## പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2505** | **12/02/2020-ൽ മറുപടിയ്ക്ക്**

### കേരള ബാങ്ക് പ്രവർത്തനത്തിന് അന്തിമാനുമതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ.ടി.എ.അഹമ്മദ് കബീർ<br>ശ്രീ.പി.കെ.അബ്ദു റബ്ബ്<br>ശ്രീ.എം.ഉമ്മർ<br>ശ്രീ.പി.ഉബൈദുള്ള | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) | കേരള ബാങ്കിന്റെ പ്രവർത്തനത്തിന് അന്തിമാനുമതിക്കായുള്ള അപേക്ഷ റിസർവ് ബാങ്കിന് സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | അന്തിമ അനുമതി ലഭിച്ചിട്ടുണ്ട്. അന്തിമ അനുമതിയിൽ നിഷ്കർഷിച്ചിട്ടുള്ള വ്യവസ്ഥകൾ പാലിച്ച് 31.03.2020-ന് മുമ്പ് RBI-യ്ക്ക് റിപ്പോർട്ട് നൽകേണ്ടതുണ്ട്. |
| (ബി) | കേരള ബാങ്കിന് അനുമതി ലഭിക്കാൻ റിസർവ് ബാങ്ക് നിശ്ചയിച്ച ഒമ്പത് ശതമാനം മൂലധന പര്യാപ്തത ഏതെല്ലാം ജില്ലാ സഹകരണ ബാങ്കുകൾക്ക് ഉണ്ടെന്നുള്ള റിപ്പോർട്ടാണ് സമർപ്പിച്ചത്; വെളിപ്പെടുത്തുമോ; | (ബി) | സംസ്ഥാന സഹകരണ ബാങ്കിന്റെയും 13 ജില്ലാ സഹകരണ ബാങ്കുകളുടെയും സംയോജിത മൂലധനം മൂലധനപര്യാപ്തത നിബന്ധനകൾ അനുസരിച്ച് ഉണ്ടായിരിക്കണം എന്നതാണ് തത്വത്തിൽ അനുവാദം നൽകുമ്പോൾ RBI നിഷ്കർഷിച്ച വ്യവസ്ഥ. ഈ വ്യവസ്ഥ പാലിച്ച് കൊണ്ടാണ് അന്തിമ അനുവാദത്തിന് അപേക്ഷ സമർപ്പിച്ചിരുന്നത്. |
| (സി) | പ്രസ്തുത റിപ്പോർട്ട് കിട്ടാക്കടങ്ങളുടെ യഥാർത്ഥ കണക്കുകൾ മറച്ചു വെച്ചുണ്ടാക്കിയതാണെന്ന് നബാർഡ് കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ? | (സി) | ഇല്ല. സഹകരണ സംഘം ഓഡിറ്റർമാരും ചാർട്ടേഡ് അക്കൗണ്ടന്റ്മാരും ഓഡിറ്റ് ചെയ്ത കണക്കുകൾ നബാർഡിന്റെ ശുപാർശയോടെയാണ് RBI-യ്ക്ക് നൽകിയത്. ആ കണക്കുകളിൽ RBI/ NABARD പിഴവുകൾ ചൂണ്ടികാണിച്ചിരുന്നില്ല. |

സെക്ഷൻ ഓഫീസർ.